## വനം വകുപ്പ് ആസ്ഥാനത്തെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

**പുറപ്പെടുവിക്കുന്നത് : പ്രസീന. എൻ**

വിഷയം : കേരള വനം വകുപ്പ് – ജീവനക്കാര്യം – ക്ലാർക്കുമാർക്ക് സീനിയർ ക്ലാർക്കുമാരായി സ്ഥാനക്കയറ്റം നൽകിയ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

സൂചന :
1. ഈ ഓഫീസിലെ 15-07-2025 തീയതിയിലെ ഇ3-1336/2025 നമ്പർ ഉത്തരവ്.
2. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ന്റെ 01-12-2023 തീയതിയിലെ ഇ5-3208/2023 നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച ക്ലാർക്കുമാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റ്.
3. ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺ സർ വേറ്ററുടെ 18-07-2025 തീയതിയിലെ KFDDO/8416/2025-DFOSFALPY/A2 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ ഇ3-1336/2025 തീയതി :21-07-2025**

വനം വകുപ്പിൽ 24 ക്ലാർക്കുമാർക്ക് സീനിയർ ക്ലാർക്കുമാരായി സ്ഥാനക്കയറ്റം നൽകി സൂചന (1) പ്രകാരം ഉത്തരവായിരുന്നു. ക്ലാർക്കുമാരുടെ സൂചന (2) പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിലെ ക്രമനമ്പർ (77) ആയിട്ടുള്ള ശ്രീമതി അനിത എസ്. (PEN : 707322) 09-01-2025-ൽ പ്രൊമോഷന് ആവശ്യമായ ടെസ്റ്റ് യോഗ്യതകൾ നേടിയതായും, എന്നാൽ തനിക്ക് ടി ഉത്തരവ് പ്രകാരം പ്രൊമോഷൻ ലഭിച്ചിട്ടില്ലായെന്നും, തനിക്ക് അർഹതപ്പെട്ട പ്രൊമോഷൻ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ മുഖേന സൂചന (3) പ്രകാരം പരാതി സമർപ്പിച്ചിട്ടുണ്ട്.

ശ്രീമതി അനിത എസ്. 2025 ജനുവരി മാസത്തിൽ പ്രസിദ്ധീകരിച്ച റിസൽട്ട് പ്രകാരം 2024 ജൂലൈ മാസം നടത്തിയ വകുപ്പുതല പരീക്ഷയിൽ വിജയിച്ചിട്ടുള്ളതായും, ഇതിന്റെ സർട്ടിഫിക്കറ്റ് 12-02-2025 തീയതിയിലെ KFDDO/8416/2025-DFOSFALPY/A2 നമ്പർ കത്ത് പ്രകാരം ഈ ഓഫീസിലേയ്ക്ക് അയച്ചുതന്നിട്ടുള്ളതായും ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ സൂചന (3) പ്രകാരം അറിയിച്ചിട്ടുണ്ട്. എന്നാൽ, ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ 12-02-2025-ലെ കത്തും, അതോടൊപ്പമുള്ള സർട്ടിഫിക്കറ്റുകളും ഈ ഓഫീസിൽ ലഭിച്ചിരുന്നതായി പരിശോധനയിൽ കാണുന്നില്ല. ശ്രീമതി അനിത വകുപ്പുതല പരീക്ഷകൾ പാസ്സായ വിവരം ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ

നിന്നും ഈ ഓഫീസിലേയ്ക്ക് അറിയിച്ചിരുന്നുവെങ്കിലും അത് ഈ ഓഫീസിൽ ലഭിക്കാതിരുന്ന സാഹചര്യത്തിലാണ് സൂചന (1) പ്രകാരമുള്ള പ്രൊമോഷൻ ഉത്തരവിൽ ശ്രീമതി അനിതയുടെ പേര് ഉൾപ്പെടാതെ പോയത്. 2025 ജനുവരിയിൽ ടെസ്റ്റ് യോഗ്യത നേടുകയും, ക്ലാർക്കുമാരുടെ നിലവിലെ സീനിയോരിറ്റി ലിസ്റ്റിൽ 77-മത് സ്ഥാനത്തുള്ളതുമായ ശ്രീമതി അനിതയ്ക്ക് നിലവിൽ സീനിയർ ക്ലാർക്കായി പ്രൊമോഷൻ ലഭിക്കുന്നതിന് അർഹതയുണ്ട്.

**മേൽ സാഹചര്യത്തിൽ സൂചന (1) ഉത്തരവിൽ ഭേദഗതി വരുത്തി ആയതിലെ ക്രമനമ്പർ (1) ആയി സൂചന (3) സീനിയോരിറ്റി ലിസ്റ്റിലെ ക്രമനമ്പർ (77) ശ്രീമതി അനിത എസ്. ക്ലാർക്കിന് (PEN : 707322) 01-04-2025 തീയതി പ്രാബല്യത്തിൽ സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.**

സൂചന (1) ഉത്തരവിലെ ക്രമനമ്പർ (24) ആയ ചാലക്കുടി ഡിവിഷനിലെ ക്ലാർക്ക് ശ്രീമതി സ്മിത കെ. എൻ (PEN : 798620)- ന് 23-06-2025 തീയതി പ്രാബല്യത്തിൽ സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകിയിരുന്നു. എന്നാൽ, ശ്രീമതി അനിത എസ്.-ന് സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നതിനാൽ, വനം വകുപ്പിൽ നിലവിൽ സീനിയർ ക്ലർക്ക് തസ്തികയിൽ മറ്റ് ഒഴിവുകൾ ഇല്ലാത്ത സാഹചര്യത്തിൽ, ശ്രീമതി സ്മിത കെ. എൻ., ക്ലാർക്കിന്റെ സ്ഥാനക്കയറ്റം റദ്ദ് ചെയ്തുകൊണ്ടും സൂചന (1) പ്രകാരമുള്ള ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

ശ്രീമതി അനിത എസ്., ക്ലാർക്കിന് 01-04-2025 തീയതി പ്രാബല്യത്തിൽ സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകുമ്പോൾ, പറമ്പിക്കുളം വൈൽഡ്‌ലൈഫ് ഡിവിഷനിലെ സുങ്കം റെയിഞ്ചിലെ ക്ലാർക്ക് ശ്രീ. മുകേഷ് റ്റി. എം. (PEN : 705053) ക്ലാർക്കിന്റെ പ്രാബല്യത്തീയതി 01-05-2025 ആയും, പറമ്പിക്കുളം വൈൽഡ്‌ലൈഫ് ഡിവിഷനിലെ കരിമല റെയിഞ്ചിലെ ക്ലാർക്ക് ഹരിദേവ് എസ്. ന്റെ പ്രാബല്യത്തീയതി 01-06-2025 ആയും, പാലക്കാട് ഈസ്റ്റേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസിലെ ക്ലാർക്ക് ശ്രീ. സുഭാഷ് എസ്. ന്റെ പ്രാബല്യത്തീയതി 23-06-2025 ആയും ക്രമപ്പെടുത്തിക്കൊണ്ട് ഉത്തരവാകുന്നു.

മേൽ ഭേദഗതികളോടെ സൂചന (1) ഉത്തരവ് നിലനിൽക്കുന്നതാണ്.

Signed by
N Praseena
Date: 21-07-2025 14:41:26
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

To

**വ്യക്തികൾക്ക് മേലധികാരി മുഖേന നൽകുന്നു.**

പകർപ്പ് : 1. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്.

2. എല്ലാ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.
3. എല്ലാ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.
4. എല്ലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.
5. എല്ലാ ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.
6. എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും/
   ഡെപ്യൂട്ടി ഡയറക്ടർമാർക്കും/
   എല്ലാ വൈൽഡ് ലൈഫ് വാർഡൻമാർക്കും/
   ഡയറക്ടർ, SFTI, അരിപ്പ/ വാളയാർ/
   എല്ലാ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർമാർക്കും/
   എല്ലാ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും/
   എല്ലാ വർക്കിംഗ് പ്ലാൻ ഓഫീസർമാർക്കും.
7. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇൻഫർമേഷൻ ടെക്നോളജി)ക്ക് വനം വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി നൽകുന്നു.